# സത്യമായ ഹൃദയമുള്ളവരിൽ ഭഗവാൻ സന്തുഷ്ടം

ഇന്ന് വിശ്വത്തിലെ സർവ്വാത്മാക്കളുടെയും ഉപകാരിയായ ബാപ്ദാദ തന്റെ ശ്രേഷ്ഠമായ പരോപകാരി കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. വർത്തമാന സമയത്ത് അനേക ആത്മാക്കൾ ഉപകാരത്തിനായി ഇച്ഛയുള്ളവരാണ്. സ്വ ഉപകാരം ചെയ്യുന്നതിനുള്ള ഇച്ഛയുണ്ട് എന്നാൽ ധൈര്യവും ശക്തിയുമില്ല. അങ്ങനെയുള്ള ദുർബലരായ ആത്മാക്കളുടെ മേൽ ഉപകാരം ചെയ്യുന്നതിന് നിങ്ങൾ പരോപകാരി കുട്ടികൾ നിമിത്തമാണ്. നിങ്ങൾ പരോപകാരി കുട്ടികൾക്ക് ആത്മാക്കളുടെ വിളി കേൾക്കാൻ സാധിക്കുന്നുണ്ടോ അതോ സ്വ ഉപകാരത്തിൽ തന്നെ ബിസിയായിട്ടിരിക്കുകയാണോ? വിശ്വത്തിന്റെ രാജ്യ അധികാരി കേവലം സ്വ ഉപകാരി മാത്രം ആകില്ല. പരോപകാരി ആത്മാവിന് മാത്രമേ രാജ്യ അധികാരിയാകാൻ സാധിക്കുകയുള്ളൂ. സത്യമായ ഹൃദയം കൊണ്ടാണ് ഉപകാരം ചെയ്യുന്നത്. ജ്ഞാനം കേൾപ്പിക്കുക ഇത് മുഖത്തിലൂടെയാകാം. ജ്ഞാനം കേൾപ്പിക്കുക– ഇത് വിശാല ബുദ്ധിയുടെ കാര്യമാണ് അഥവാ വർണ്ണിക്കുന്നതിന്റെ അഭ്യാസമാണ്. അതിനാൽ ഹൃദയവും ബുദ്ധിയും– രണ്ടിലും വ്യത്യാസമുണ്ട്. ആരെങ്കിലും മറ്റുള്ളവരിൽ നിന്നും സ്നേഹം ആഗ്രഹിക്കുന്നുവെങ്കിൽ അവർ ഹൃദയത്തിൽ നിന്നുള്ള സ്നേഹമാണ് ആഗ്രഹിക്കുന്നത്. ബാപ്ദാദായുടെ ടൈറ്റിലാണ്– ദിൽവാലാ(ഹൃദയത്തെ കവരുന്നവൻ)– ദിലാരാമൻ(ഹൃദയത്തിന് വിശ്രമം നല്കുന്നവൻ). ബുദ്ധി സ്ഥൂലമാണ്, ഹൃദയം സൂക്ഷ്മമാണ്. സംസാരത്തിലും സദാ പറയുന്നുണ്ട്– സത്യമായ ഹൃദയം കൊണ്ട് പറയുന്നു, സത്യമായ ഹൃദയം കൊണ്ട് ബാബയെ ഓർമ്മിക്കൂ എന്ന്. സത്യമായ ബുദ്ധി കൊണ്ട് ഓർമ്മിക്കൂ എന്ന് പറയാറില്ല. പറയാറുണ്ട്– സത്യമായ ഹൃദയമുള്ളവരുടെ മേൽ ബാബ സന്തുഷ്ടനാകും എന്ന്. വിശാല ബുദ്ധിയുള്ളവരുടെ മേൽ സന്തുഷ്ടനാകും എന്ന് പറയാറില്ല. വിശാലമായ ബുദ്ധി– ഇത് തീർച്ചയായും വിശേഷതയാണ്, ഈ വിശേഷതയിലൂടെ ജ്ഞാനത്തിന്റെ പോയിന്റ്സിനെ നല്ല രീതിയിൽ ധാരണ ചെയ്യാൻ സാധിക്കും. എന്നാൽ ഹൃദയം കൊണ്ട് ഓർമ്മിക്കുന്നവർക്ക് പോയിന്റ് അർത്ഥം ബിന്ദു രൂപമാകാൻ സാധിക്കും. അവർ പോയിന്റ് ആവർത്തിക്കും എന്നാൽ ബിന്ദു രൂപമാകുന്നതിൽ സെക്കന്റ് നമ്പർ ആയിരിക്കും, ഇടയ്ക്ക് സഹജം ഇടയ്ക്ക് പരിശ്രമത്തിലൂടെ ബിന്ദു രൂപത്തിൽ സ്ഥിതി ചെയ്യാൻ സാധിക്കും. എന്നാൽ സത്യമായ ഹൃദയമുള്ളവർക്ക് സെക്കന്റിൽ ബിന്ദുവായി ബിന്ദു സ്വരൂപനായ ബാബയെ ഓർമ്മിക്കാൻ സാധിക്കും. സത്യമായ ഹൃദയമുള്ളവർ ബാബയെ സന്തുഷ്ടമാക്കുന്നത് കാരണം ബാബയുടെ വിശേഷ ആശീർവാദങ്ങളുടെ പ്രാപ്തി കാരണം സ്ഥൂല രൂപത്തിൽ ബുദ്ധി പലരുടെയും അത്രയും തീവ്രമല്ലായെങ്കിലും സത്യതയുടെ ശക്തിയിലൂടെ സമയത്തിനനുസരിച്ച് അവരുടെ ബുദ്ധി യുക്തിയുക്തവും, യഥാർത്ഥമായ കാര്യം സ്വതവേ തന്നെ ചെയ്യും കാരണം യഥാർത്ഥമായ കർമ്മം, വാക്ക് അഥവാ സങ്കല്പം, അത് ആശീർവാദം കാരണം ഡ്രാമയനുസരിച്ച് അതേ ടച്ചിംഗ് അവുടെ ബുദ്ധിയിൽ വരും എന്തു കൊണ്ടെന്നാൽ ബുദ്ധിവാൻമാരുടെയും ബുദ്ധിവാനായ ബാബയെ സന്തുഷ്ടമാക്കി. ഭഗവാനെ സന്തുഷ്ടമാക്കിയവർ സ്വതവേ രഹസ്യയുക്തരും, യുക്തിയുക്തരുമായിരിക്കും.

അതിനാൽ ഇത് ചെക്ക് ചെയ്യൂ– ഞാൻ വിശാലമായ ബുദ്ധിയിലൂടെ ഓർമ്മയിലും സേവനത്തിലും മുന്നോട്ടുയർന്നു കൊണ്ടിരിക്കുകയാണോ അതോ സത്യമായ ഹൃദയത്തോടെയും യഥാർത്ഥമായ ബുദ്ധിയിലൂടെയുമാണോ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. നേരത്തെയും കേൾപ്പിച്ചു– ബുദ്ധി കൊണ്ട് സേവനം ചെയ്യുന്നവരുടെ വാക്ക് മറ്റുള്ളവരുടെ ബൂദ്ധി വരെയെത്തുന്നു. ഹൃദയത്തിൽ നിന്നും ചെയ്യുന്നവരുടെ വാക്കുകൾ ഹൃദയം വരെയെത്തുന്നു. ഏതു പോലെ സ്ഥാപനയുടെ, സേവനത്തിന്റെ ആദിയിൽ കണ്ടു– ആദ്യത്തെ ഗ്രൂപ്പ് സേവനം ചെയ്യുന്നവരുടേതായിരുന്നു, അവരുടെ വിശേഷത എന്തായിരുന്നു? ഭാഷയുടെയോ പ്രഭാഷണത്തിന്റേയോ വിശേഷതയുണ്ടായിരുന്നില്ല എന്നാൽ എന്തുണ്ടായിരുന്നു? സത്യമായ ഹൃദയത്തിന്റെ ശബ്ദമുണ്ടായിരുന്നു അതിനാൽ ഹൃദയത്തിന്റെ ശബ്ദം അനേകരെ ദിലാരാമന്റേതാക്കുന്നതിൽ നിമിത്തമായി. പല ഭാഷകളും കലർന്ന ഭാഷയിലായിരുന്നു സേവനം ചെയ്തിരുന്നത്. എന്നാൽ നയനങ്ങളുടെ ഭാഷ ആത്മീയമായിരുന്നു അതിനാൽ ഭാഷ എങ്ങനെയുള്ളതായാലും മുള്ളിൽ നിന്നും റോസാപുഷ്പമായി മാറി. അത് ആദ്യത്തെ ഗ്രൂപ്പിന്റെ സേവനത്തിന്റെ സഫലതയും വർത്തമാന സമയത്തെ അഭിവൃദ്ധിയും– രണ്ടും ചെക്ക് ചെയ്യുമ്പോൾ വ്യത്യാസം കാണപ്പെടുന്നില്ലേ. ഭൂരിപക്ഷം പേരുടെ കാര്യമാണ്. രണ്ടാമത്തെ, മൂന്നാമത്തെ ഗ്രൂപ്പിലും ചിലർ ദിൽവാലായാണ് എന്നാൽ അവർ ന്യൂനപക്ഷമാണ്. ആദിയിലെ ചോദ്യം ഇപ്പോഴും കാണപ്പെടുന്നു. ഏതൊരു ചോദ്യം? ഞാൻ ആര്? ഇപ്പോഴും ബാപ്ദാദ പറയുന്നു– സ്വയത്തോട് ചോദിക്കൂ ഞാൻ ആര്? ചോദ്യത്തിനുത്തരം കണ്ടെത്താനറിയാമോ അതോ മറ്റുള്ളവർ പറഞ്ഞാലേ കണ്ടെത്താനാകൂ– മറ്റുള്ളവർ പറഞ്ഞാൽ അതിനെ വളയ്ക്കാൻ നോക്കും– അങ്ങ

നെയല്ല, ഇങ്ങനെയാണ്....അതിനാൽ സ്വയത്തെ തന്നെ നോക്കൂ.  പല കുട്ടികളും സ്വയത്തെ ചെക്ക് ചെയ്യുന്നുണ്ട് എന്നാൽ കാണുന്ന ദൃഷ്ടി രണ്ട് പ്രകാരത്തിലുണ്ട്. അതിലും ചിലർ കേവലം വിശാല ബുദ്ധിയുടെ ദൃഷ്ടിയിലൂടെ ചെക്ക് ചെയ്യുന്നു, അവരുടേത് അലസതയുടെ കണ്ണാടിയായിരിക്കും. ഓരോ കാര്യത്തിലും ഇത് തന്നെ കാണപ്പെടുന്നു– എത്രമാത്രം ചെയ്തുവൊ, ത്യാഗം ചെയ്തു, സേവനം ചെയ്തു, പരിവർത്തനം ചെയ്തു,– ഇത് തന്നെ ധാരാളമാണ്. ഇന്ന ഇന്ന ആത്മാക്കളേക്കാൾ ഞാൻ നല്ലതാണല്ലോ ഇത്രയും ചെയ്യുന്നത് തന്നെ സഹജമൊന്നുമല്ല. കുറച്ചൊക്കെ കുറവുകൾ മുതിർന്നവരിലുമുണ്ട്. ഈ കണക്കനുസരിച്ച് നോക്കിയാൽ ഞാൻ ശരിയാണ്. ഇതാണ് അലസതയുടെ കണ്ണാടി. രണ്ടാമത് സ്വഉന്നതി യുടെ യഥാർത്ഥമായ കണ്ണാടിയാണ്. അതാണ് സത്യമായ ഹൃദയമുള്ളവരുടേത്. അവർ എന്താണ് കാണു ന്നത്? എന്താണൊ ദിൽവാലാ ബാബയ്ക്ക് സദാ ഇഷ്ടമുള്ളത് അതേ സങ്കല്പം, വാക്ക്, കർമ്മം ചെയ്യ ണം. യഥാർത്ഥ കണ്ണാടിയുള്ളവർ കേവലം ബാബയെയും നിങ്ങളെയും തന്നെ കാണുന്നു. രണ്ടാമതോ മൂന്നാമതോ ആയ ആള് എന്ത് ചെയ്യുന്നു– അത് കാണുന്നില്ല. എനിക്ക് തന്നെ പരിവർത്തനപ്പെടണം എന്ന ചിന്തയിൽ സദായിരിക്കുന്നു. അല്ലാതെ അവരും മാറട്ടെ, എന്നിട്ട് ഞാൻ മാറാം– അങ്ങനെയല്ല. 80 ശത മാനം ഞാൻ മാറാം, 20 ശതമാനം അവരും മാറട്ടെ, ഇത്രയും പോലും അവർ നോക്കില്ല. ഞാൻ പരി വർത്തനപ്പെട്ടിട്ട് മറ്റുള്ളവരെയും സഹജമായി പരിവർത്തനപ്പെടുത്തുന്നതിന് ഉദാഹരണമാകണം. അതു കൊണ്ടാണ് അർജ്ജുനൻ എന്ന് പറയുന്നത്. അർജ്ജുനൻ അർത്ഥം അലൗകീക ജനം. ഇതിനെയാണ് യഥാർത്ഥമായ കണ്ണാടി അഥവാ ദൃഷ്ടിയെന്ന് പറയുന്നത്. ലോകത്തിൽ മാനവ ജീവിതത്തിന് മുഖ്യ മായും രണ്ട് കാര്യങ്ങൾ വേണം– ഹൃദയവും, ബുദ്ധയും. രണ്ടും ശരിയായിട്ടിരിക്കണം. അതേപോലെ ബ്രാഹ്മണ ജീവിതത്തിലും വിശാലമായ ബുദ്ധിയുണ്ടായിരിക്കണം, സത്യമായ ഹൃദയവും ഉണ്ടാകണം. സത്യമായ ഹൃദയമുള്ളവർക്ക് ബുദ്ധിയുടെ ലിഫ്റ്റ് ലഭിക്കുന്നു. അതിനാൽ സദാ ഇത് ചെക്ക് ചെയ്യൂ– സത്യമായ ഹൃദയത്തോടെ ബാബയെ സന്തുഷ്ടമാക്കിയോ, കേവലം തന്റെ മനസ്സിനെ അഥവാ കേവലം കുറച്ചാത്മാക്കളെ മാത്രമല്ലല്ലോ സന്തുഷ്ടമാക്കിയത്! സത്യമായ ബാബയെ സന്തുഷ്ടമാക്കു– ഇതിന്റെ വളരെ ലക്ഷണങ്ങളുണ്ട്. ഇതിനെ കുറിച്ച് മനനം ചെയ്ത് ആത്മീയ സംഭാഷണം ചെയ്യണം. പിന്നെ ബാപ്ദാദായും കേൾപ്പിക്കാം. ശരി.

ഇന്ന് ടീച്ചേഴ്സ് വന്നിട്ടുണ്ട്. ടീച്ചേഴ്സും അധികാരകളാണ്. കോൺട്രാക്ട് (കരാർ) ഏറ്റെടുത്തില്ലേ. സ്വപ രിവർത്തനത്തിലൂടെ വിശ്വപരിവർത്തനം ചെയ്യുക തന്നെ വേണം. അങ്ങനെയുള്ള വലിയ വലിയ കരാർ ഏറ്റെടുത്തില്ലേ. ലോകത്തിലുള്ളവർ  പറയുന്നു– നിങ്ങൾ മരിച്ചാൽ നിങ്ങളെ സംബന്ധിച്ചിടത്തോളം ലോകം മരിച്ചു എന്ന്, നിങ്ങൾ മരിച്ചില്ലായെങ്കിൽ ലോകവും മരിച്ചിട്ടില്ല. അതേപോലെ സ്വപരിവർത്തനെ തന്നെയാണ് വിശ്വപരിവർത്തനം. സ്വപരിവർത്തനമില്ലാതെ ഏതൊരാത്മാവിനെ പ്രതിയും എത്ര തന്നെ പരിശ്രമിച്ചാലും– പരിവർത്തനമുണ്ടാകില്ല. ഇന്നത്തെ സമയത്ത് കേവലം കേൾക്കുന്നതിലൂടെ മാത്രം പരി വർത്തനപ്പെടുന്നില്ല എന്നാൽ കാണുന്നതിലൂടെയാണ് പരിവർത്തനപ്പെടുന്നത്. മധുബൻ ഭൂമിയിൽ ഏതൊ രാത്മാവും എന്തു കൊണ്ട് പരിവർത്തനപ്പെടുന്നു. സെന്ററുകളിലും കേൾപ്പിക്കുന്നുണ്ട് എന്നാൽ ഇവിടെ വരുമ്പോൾ സ്വയത്തെ നോക്കുന്നു, സ്വയത്തെ നോക്കുന്നത് കാരണം പരിവർത്തനപ്പെടുന്നു. പല ബന്ധ നമുള്ള മാതാക്കളുടെ യുഗിൾ, അവരുടെ ജീവിതത്തതിലെ പരിവർത്തനം കണ്ട് മാറുന്നു. ജ്ഞാനം കേൾപ്പിക്കാൻ പരിശ്രമിച്ചാൽ കേൾക്കില്ല. എന്നാൽ കാണുന്നതിലൂടെ ഈ പ്രഭാവം അവരെ പരിവർത്ത നപ്പെടുത്തുന്നു അതിനാൽ പറഞ്ഞു ഇന്നത്തെ ഈ ലോകം കാണാൻ ആഗ്രഹിക്കുന്നുവെന്ന്. അതിനാൽ ടീച്ചേഴ്സിന്റെ വിശേഷ കർത്തവ്യം തന്നെയിതാണ്. ചെയ്ത് കാണിക്കണം അർത്ഥം പരിവർത്തനപ്പെട്ട് കാണിക്കണം. മനസ്സിലായോ.

സദാ സർവ്വ ആത്മാക്കളെ പ്രതി പരോപകാരി, സദാ സത്യമായ ഹൃദയം കൊണ്ട് സത്യമായ ബാബയെ സന്തുഷ്ടമാക്കുന്ന, വിശാലമായ ബുദ്ധി, സത്യമായ ഹൃദയത്തിന്റെ ബാലൻസ് വയ്ക്കുന്ന, സദാ സ്വയത്തെ വിശ്വപരിവർത്തനത്തിന് നിമിത്തമാക്കുന്ന, സ്വപരിവർത്തനം ചെയ്യുന്ന ശ്രേഷ്ഠ ആത്മാവ്, ശ്രേഷ്ഠ സേവാ ധാരി ആത്മാവാണെന്ന് മനസ്സിലാക്കി മുന്നോട്ടുയരുന്ന– അങ്ങനെ നാല് ഭാഗത്തെയും വിശേഷ കുട്ടി കൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

ദില്ലി ഗ്രൂപ്പിനോട് പ്രാണനായ അവ്യക്ത ബാപ്ദാദായുടെ മിലനം– സർവ്വരുടെയും ഹൃദയത്തിൽ ബാബ യുടെ സ്നേഹം ലയിച്ചിരിക്കുന്നു. സ്നേഹം ഇവിടെ വരെയെത്തിച്ചു. ഹൃദയത്തിന്റെ സ്നേഹം ദിലാരാ മൻ വരെയെത്തിച്ചു. ഹൃദയത്തിൽ ബാബയല്ലാതെ മറ്റൊന്നിനുമിരിക്കാൻ സാധിക്കില്ല. ബാബ തന്നെ യാണ് ലോകം അതിനാൽ ബാബയുടെ ഹൃദയത്തിലിരിക്കുക അർത്ഥം ബാബയിൽ ലോകം അടങ്ങിയി രിക്കുന്നു അതിനാൽ ഒരു നിർദ്ദേശം, ഒരു ബലം, ഒരു ആശ്രയം. എവിടെയാണ് ഒന്ന് ഉള്ളത് അവിടെ

ഓരോ കാര്യത്തിലും സഫലതയുണ്ടായിരിക്കും. ഏതൊരു പരിതസ്ഥിതിയെയും മറി കടക്കുക സഹജമാണോ പ്രയാസമാണോ? മറ്റുള്ളവരെ കണ്ടു, മറ്റുള്ളവരെ ഓർത്തൂവെങ്കിൽ രണ്ടിൽ ഒന്ന് പോലും ലഭിക്കില്ല പിന്നെ പ്രയാസമായി മാറും. ബാബയുടെ ആജ്ഞയാണ്- എന്നെ മാത്രം ഓർമ്മിക്കൂ എന്ന്. ആജ്ഞ പാലിക്കുന്നുവെങ്കിൽ ആജ്ഞാകാരി കുട്ടിക്ക് ബാബയുടെ ആശീർവാദങ്ങൾ ലഭിക്കുന്നു, സർവ്വതും സഹജവുമായി തീരുന്നു. ബാബയുടെ ആജ്ഞയെ പാലിച്ചില്ലായെങ്കിൽ ബാബയുടെ സഹായം അഥവാ ആശീർവാദം ലഭിക്കില്ല അതിനാൽ പ്രയാസമേറിയതായി മാറുന്നു. അതിനാൽ സദാ ആജ്ഞാകാരിയല്ലേ? ലൗകീക സംബന്ധത്തിലും ആജ്ഞാകാരി കുട്ടികളുടെ മേൽ എത്ര സ്നേഹം ഉണ്ടാകുന്നു. അതാണ് അല്പകാല സ്നേഹം, ഇതാണ് അവിനാശി സ്നേഹം. ഈ ഒരു ജന്മത്തിലെ ആശീർവാദം അനേക ജന്മം കൂടെയുണ്ടായിരിക്കും. അതിനാൽ അവിനാശി ആശീർവാദങ്ങൾക്ക് പാത്രമായി. തന്റെ ഈ ജീവിതം മധുരമായി അനുഭവപ്പെടുന്നില്ലേ. എത്ര ശ്രേഷ്ഠവും പ്രിയപ്പെട്ടതുമായ ജീവിതമാണ്. ബ്രാഹ്മണ ജീവിതം വളരെ പ്രിയപ്പെട്ടതാണ്, ബ്രാഹ്മണ ജീവിതമില്ലായെങ്കിൽ പ്രിയപ്പെട്ടതായി തോന്നില്ല, പരവശതയുടെ ജീവിതമായി അനുഭവപ്പെടും. അതിനാൽ പ്രിയപ്പെട്ട ജീവിതമാണോ അതോ ക്ഷീണിക്കുന്നുണ്ടോ? ചിന്തിക്കുന്നു- സംഗമം എന്ന് വരെ ഉണ്ടാകും? ശരീരം പ്രവർത്തിക്കുന്നില്ല, സേവനം ചെയ്യാൻ സാധിക്കുന്നില്ല...... ഇങ്ങനെ പരവശരാകുന്നില്ലല്ലോ? ഈ സംഗമത്തിലെ ജീവിതം സർവ്വ ജന്മങ്ങളിലും വച്ച് ശ്രേഷ്ഠമാണ്. ഇത് പ്രാപ്തിയുടെ ജീവിതമാണ്. പിന്നീട് പ്രാപ്തി അനുഭവിക്കുന്നതിനുള്ള ജീവിതമാണ്, കുറയുനന്തിന്റെ ജീവിതം. ഇപ്പോൾ നിറയ്ക്കണം. ഇപ്പോഴാണ് 16 കലാ സമ്പന്നരാകുന്നത്. 16 കല അർത്ഥം ഫുൾ. ഈ ജീവിതം വളരെപ്രിയപ്പെട്ടതാണ്- അങ്ങനെ അനുഭവപെടുന്നില്ലേ അതോ ഇടയ്ക്ക് ജീവിതം മടുക്കുന്നുണ്ടോ? മടുത്തിട്ട് തിരിച്ച് പോകണം എന്ന് ചിന്തിക്കുന്നില്ലല്ലോ. ബാബ സേവനത്തിനായി കൊണ്ടു പോകുന്നത് വേറെ, എന്നാൽ മടുത്തിട്ട് പോകരുത്. അഡ്വാൻസ് പാർട്ടിയിൽ സേവനത്തിന്റെ പാർട്ട് ഉണ്ട്, ഡ്രാമ പ്ലാനനുസരിച്ച് പോകുന്നുവെങ്കിൽ പരവശരായിട്ടല്ല, ശാന്തമായിട്ട് പോകും സേവനാർത്ഥം പൊയ്ക്കൊണ്ടിരിക്കുന്നു. അതിനാൽ ഒരിക്കലും കുട്ടികളോട് സ്വയത്തോടൊ മടുപ്പ് വരരുത്. മാതാക്കൾക്ക് കുട്ടികളെ കൊണ്ട് മടുപ്പ് വരുന്നില്ലല്ലോ? തമോഗുണീ തത്വങ്ങളിലൂടെ ഉണ്ടായവർക്ക് എന്ത് സതോപ്രധാനത കാണിക്കാൻ സാധിക്കും? അവരും പരവശരാണ്. നിങ്ങളും ബാബയുടെ ആജ്ഞകൾ ഇടയ്ക്കിടയ്ക്ക് മറന്നു പോകുന്നില്ലേ. നിങ്ങളിലൂടെ തെറ്റുണ്ടാകുന്നുവെങ്കിൽ പിന്നെ കുട്ടികൾ തെറ്റ് ചെയ്താലെന്ത്! പേര് തന്നെ കുട്ടിയെന്നാണ് പറയുന്നത്, കുട്ടി എന്ന് പറഞ്ഞാൽ അർത്ഥം എന്താണ്? വലിയവരാകട്ടെ പക്ഷെ ആ സമയത്ത് അവരും കുട്ടിയായി മാറുന്നു അർത്ഥം വിവേകശൂന്യരായി മാറുന്നു. അതിനാൽ ഒരിക്കലും മറ്റുള്ളവരുടെ പരവശത കണ്ട് സ്വയം പരവശരാകരുത്. അവർ എത്ര തന്നെ പരവശരാക്കിയാലും നിങ്ങൾ നിങ്ങളുടെ സീറ്റിൽ നിന്നും എന്തിനിറങ്ങുന്നു? കുറവ് നിങ്ങളുടേതാണോ അതോ കുട്ടികളുടേതാണോ? അവർ സമർത്ഥരായി തീർന്നു, നിങ്ങളെ നിങ്ങളുടെ സീറ്റിൽ നിന്നറക്കി, പരവശരാക്കി. അതിനാൽ ഒരിക്കലും സ്വപ്നത്തിൽ പോലും പരവശരാകരുത് അർത്ഥം ശ്രേഷ്ഠമായ സീറ്റിൽ നിന്നിറങ്ങരുത്. തന്റെ സ്വമാനമാകുന്ന കസേരയിലിരിക്കാൻ അറിയില്ലേ! അതിനാൽ ഇന്ന് മുതൽ പരവശരാകരുത്- രോഗത്തോടാകട്ടെ, കുട്ടികളോടാകട്ടെ,തന്റെ തന്നെ സംസ്ക്കാരങ്ങളോടാകട്ടെ, മറ്റുള്ളവരോടാകട്ടെ. മറ്റുള്ളവരിലൂടെയും പരവശരാകാറില്ലേ. ചിലർ പറയുന്നു. എല്ലാം ശരിയാണ്, ഇന്ന വ്യക്തി മാത്രമേ ഇങ്ങനെയുള്ളൂ, ഇവർ കാരണം പരവശരാകുന്നു. അപ്പോൾ പരവശരാക്കുന്നവർ ധൈര്യശാലികളാകരുത്, നിങ്ങൾ ധൈര്യമുള്ളവരാകൂ. ഒരാളാകട്ടെ, പത്ത് പേരാകട്ടെ എന്നാൽ ഞാൻ മാസ്റ്റർ സർവ്വശക്തിമാനാണ്, ശക്തിഹീനമല്ല. ഈ വരദാനം സദാ സ്മൃതിയിൽ വയ്ക്കണം- ഞാൻ സദാ തന്റെ ശ്രേഷ്ഠ സ്വമാനത്തിലിരിക്കുന്നവനാണ്, പരവശനാകുന്നവനല്ല. മറ്റുള്ളവരുടെയും പരവശതയെ സമാപ്തമാക്കുന്നവനാണ്. സദാ സ്വമാനത്തിന്റെ സിംഹാസനത്തിലിരിക്കുന്നവൻ. നോക്കൂ, ഇന്നത്തെ കാലത്ത് കസേരയുണ്ട്, നിങ്ങൾക്ക് സിംഹാസനമുണ്ട്. അവർ കസേരയ്ക്ക് പിന്നാലെ മരിക്കുന്നു, നിങ്ങൾക്ക് സിംഹാസനം ലഭിച്ചിരിക്കുന്നു. അതിനാൽ അകാല സിംഹാസനധാരിയായി ശ്രേഷ്ഠ സ്വമാനത്തിലിരിക്കുന്ന, ബാബയുടെ ഹൃദയ സിംഹാസനസ്തനായ ആത്മാവാണ്- ഇതേ സ്വമാനത്തിലിരിക്കൂ. സദാ സന്തോഷമായിട്ടിരിക്കണം, സന്തോഷം വിതരണം ചെയ്യണം. ശരി. ദില്ലി സേവനത്തിന്റെ അടിത്തറയാണ്. അടിത്തറ ശക്തിശാലിയല്ലായെങ്കിൽ സർവ്വരും ശക്തിഹീനരായി മാറുന്നു അതിനാൽ സദാ പക്കായായിട്ടിരിക്കണം. ശരി.

വാറങ്കൽ ഗ്രൂപ്പ്- സ്വയത്തെ സദാ ഡബിൾ ലൈറ്റാണെന്ന അനുഭവം ചെയ്യുന്നുണ്ടോ? ഡബിൾ ലൈറ്റായിട്ടിരിക്കുന്ന ആത്മാവിൽ മൈറ്റ് അർത്ഥം ബാബയുടെ ശക്തികൾ കൂടെയുണ്ട്. അതിനാൽ ഡബിൾ ലൈറ്റുമാണ്, മൈറ്റുമാണ്. സമയത്ത് ശക്തികളെ ഉപയോഗിക്കാൻ സാധിക്കുന്നുണ്ടോ അതോ സമയം കഴിഞ്ഞു പോകുന്നോ, പിന്നീടാണൊ ഓർമ്മ വരുന്നത്? കാരണം തന്റെയടുത്ത് എത്ര തന്നെ വസ്തുക്കൾ ഉണ്ടെങ്കിലും, സമയത്ത് ഉപയോഗിച്ചില്ലായെങ്കിൽ എന്ത് പറയും? ഏത് സമയത്ത് ഏത് വസ്തുവിന്റെയാണോ ആവശ്യമുള്ളത് ആ ശക്തിയെ ആ സമയത്ത് ഉപയോഗിക്കാൻ സാധിക്കണം- ഈ കാര്യ

ത്തിന്റെ അഭ്യാസം ആവശ്യമാണ്. ചില കുട്ടികൾ പറയുന്നു– മായ വന്നു, എന്ത് കൊണ്ട് വന്നു? തിരിച്ചറിയാനുള്ള ശക്തി ഉപയോഗിക്കാത്തതിനാലാണ് മായ വന്നത്. ദൂരെ നിന്ന് തന്നെ മായ വന്നു കൊണ്ടിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞാൽ ദൂരെ നിന്ന് തന്നെ ഓടിക്കാൻ സാധിക്കില്ലേ. മായ വന്നു– വരാനുള്ള അവസരം നല്കിയത് കൊണ്ടല്ലേ വന്നത്. ദൂരെ നിന്ന് തന്നെ ഓടിക്കുകയാണെങ്കിൽ പിന്നെ വരില്ല. അടിക്കടി മായ വരുന്നു, യുദ്ധം ചെയ്ത് അതിനെ ഓടിക്കുന്നുവെങ്കിൽ പിന്നെ യുദ്ധത്തിന്റെ സംസ്ക്കാരം വന്നു ചേരും. വളരെക്കാലം യുദ്ധത്തിന്റെ സംസ്ക്കാരമായാൽ ചന്ദ്രവംശിയാകേണ്ടി വരും. സൂര്യവംശി അർത്ഥം വളരെക്കാലത്തെ വിജയി, ചന്ദ്രവംശി അർത്ഥം യുദ്ധം ചെയ്ത്ചെയ്ത് ഇടയ്ക്ക് വിജയി, ഇടയ്ക്ക് യുദ്ധത്തിൽ പരിശ്രമിക്കുന്നവർ. അതിനാൽ സർവ്വരും സൂര്യവംശികളല്ലേ! ചന്ദ്രവംശി 2 കല കുറവാണ്. 16 കല അർത്ഥം ഫുൾപാസ്. ഒരിക്കലും മനസ്സിൽ, വാക്കുകളിൽ, സംബന്ധ സമ്പർക്കത്തിൽ, സംസ്ക്കാരത്തിൽ പരാജയപ്പെടുന്നവരല്ല– ഇവരെയാണ് സൂര്യവംശിയെന്നു പറയുന്നത്. അങ്ങനെയുള്ള സൂര്യവംശിയല്ലേ? ശരി. സർവ്വരും തന്റെ പുരുഷാർത്ഥത്തിൽ സന്തുഷ്ടരല്ലേ? സർവ്വ വിഷയങ്ങളിലും ഫുൾ പാസാകുക– ഇതിനെയാണ് പറയുന്നത് തന്റെ പുരുഷാർത്ഥത്തിൽ സന്തുഷ്ടം. ഈ വിധിയിലൂടെ സ്വയത്തെ ചെക്ക് ചെയൂ. ഇത് തന്നെ ഓർമ്മിക്കണം– ഞാൻ പറക്കുന്ന കലയിലേക്ക് പോകുന്ന പറക്കുന്ന പക്ഷിയാണ്, താഴെ കുടുങ്ങി കിടക്കുന്നവനല്ല. ഇത് തന്നെയാണ് വരദാനം. ശരി.

**വരദാനം– സദാ അതീന്ദ്രിയ സുഖത്തിന്റെ അനുഭവം ചെയ്യുന്ന ദൃഢമായ അഖണ്ഡ സ്വരാജ്യ അധികാരിയായി ഭവിക്കട്ടെ.**

ഏതു കുട്ടികൾക്കാണോ സംഗമയുഗത്തിൽ അതീന്ദ്രിയ സുഖത്തിന്റെ സമ്പത്ത് സദാകാലത്തോക്ക് പ്രാപ്തമാക്കുന്നത്, അർത്ഥം ബാബയുടെ വില്ലിൽ പൂർണ്ണ അധികാരമുണ്ടാകുന്നത്, അവർ വിൽപവർ(ഇച്ഛാ ശക്തി) ഉള്ളവരായിരിക്കും. അവർക്ക് ദൃഢമായ, അഖണ്ഡമായ അതീന്ദ്രിയ സുഖത്തിന്റെ അനുഭൂതിയുണ്ടാകുന്നു. അങ്ങനെയുള്ള അവകാശി അർത്ഥം സമ്പൂർണ്ണ സമ്പത്തിന്റെ അധികാരികൾ തന്നെയാണ് ഭാവിയിൽ ദൃഢമായ അഖണ്ഡമായ  സ്വരാജ്യ അധികാരം പ്രാപ്തമാക്കുന്നത്.

**സ്ലോഗൻ– എന്റെത് എന്ന ഭാവമുണ്ടെങ്കിൽ ബുദ്ധിയുടെ അലച്ചിലുണ്ടാകുന്നു.**